പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1790** **11.02.2013 ൽ മറുപടിയ്ക്ക്**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | ഉത്തരം<br>ഡോ:എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം ഏത് ഘട്ടം വരെയായി; | എ) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും ഭരണ നിർവ്വഹണ ചടുലതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന 16-ഓളം ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ ഇൻഫർ മേഷൻ കേരള മിഷൻ വികസിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും VPN/KSWAN വഴി സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്നതിനുള്ള കണക്റ്റിവിറ്റി സംവിധാനം 1192 തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിക്കഴിഞ്ഞു. |
| ബി) ഇതിനകം എത്ര ഗ്രാമ പഞ്ചായത്തുകളിൽ കമ്പ്യൂട്ടറിന്റെ സേവനം ലഭ്യമായി തുടങ്ങി; വിശദാംശം ലഭ്യമാക്കുമോ; | ബി) അഞ്ചുതെങ്ങ് ഒഴികെയുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കമ്പ്യൂട്ടറിന്റെ സേവനം ലഭ്യമാണ്. അഞ്ചുതെങ്ങിൽ കമ്പ്യൂട്ടർ ഇൻസ്റ്റലേഷൻ നടപടികൾ പൂർത്തിയായി വരുന്നു. ഫെബ്രുവരി 15 ഓടുകൂടി അഞ്ചുതെങ്ങിലും കമ്പ്യൂട്ടർ സേവനം ലഭ്യമാവുന്ന തരത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| സി) കമ്പ്യൂട്ടറിന്റെ സേവനം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടു കൂടി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ